Talented Bankers ലിറ്ററെറി Club
പുസ്തക പരിചയം 288

മഴമേഘങ്ങൾക്ക് മേലെ
ബാബു കെ എ

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

ഒരു ബാങ്കുദ്യോഗസ്ഥന്റെ ഓർമക്കുറിപ്പുകളാണ് മഴമേഘങ്ങൾക്കു മേലെ.

ബാങ്കുദ്യോഗസ്ഥനെഴുതിയതാണെങ്കിൽ അടിമുടി കണക്കുകളായിരിക്കില്ലേ എന്നു പലരും തെറ്റുധരിച്ചുപോയേക്കാം.

പക്ഷേ കണക്കിന്റെ നിഴൽപോലും വീഴാത്ത ശുദ്ധ നർമ്മത്തിൽ ചാലിച്ച ഭാഷയിലാണ് ശ്രീ ബാബു കെ എ മഴമേഘങ്ങൾ ഒരുക്കിയിരിക്കുന്നത്. ചില അധ്യായങ്ങളിൽ മികച്ച ത്രില്ലറിന്റെ സവിശേഷതകളിലേക്കും മഴമേഘം വായനക്കാരനെ കൂട്ടിക്കൊണ്ടുപോകുന്നു.

പതിനാറാം വയസിൽ ഔദ്യോഗിക ജീവിതമാരംഭിച്ചതു (യെസ്, വായിച്ചതു ശരിയാണ്, പത്താം ക്ലാസ് പാസായ ഉടനെ തന്നെ ബാബു സാർ ഫെഡറൽ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചിരുന്നു!) മുതൽ നാൽപ്പത്തിനാലു വർഷത്തിനു ശേഷം വിരമിക്കുന്നതുവരെയുള്ള കാലത്തെ ഒരുപിടി അനുഭവങ്ങളും ഓർമകളുമാണ് ബാബു സാർ പങ്കുവെക്കുന്നത്.

ഇൻസ്റ്റാ റീലുകളുടെ ഈ കാലത്ത് ഒരു ബാങ്കുദ്യോഗസ്ഥന്റെ പഴഞ്ചൻ ഓർമകൾ വായിച്ചിട്ടെന്തിനാണ് എന്നു തോന്നിയേക്കാം.

എന്നാൽ പറയട്ടെ, തനിക്കു കൊള്ളാമെന്നു തോന്നിയ കുറെ ഓർമ്മകൾ അയവിറക്കി ചുമ്മാ എഴുതിക്കൂട്ടുകയല്ല ബാബു സാർ ചെയ്തത്. മറിച്ച്, ഇന്നത്തെക്കാലത്തും ആസ്വദിക്കാവുന്ന, അനവധി മാനേജ്മെന്റ് പാഠങ്ങൾ ഉൾക്കൊള്ളുന്ന അനുഭവസാക്ഷ്യങ്ങളാണ് സാർ അവതരിപ്പിച്ചിരിക്കുന്നത്.

എങ്കിൽ പിന്നെ വായനക്കാരേ ഇതാ നിങ്ങൾക്കായി ഒരു പാഠം പറയട്ടെ എന്ന മട്ടിലേയല്ല സാറിന്റെ രീതി എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഒരു തമാശക്കഥ എന്ന മട്ടിലാണ് സാറ് തന്റെ വിവരണം ആരംഭിക്കുന്നത്.

അണ്ടിയോടടുക്കുമ്പോഴേ പുളിയറിയൂ എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിച്ച്, വിവരണത്തിന്റെ അവസാനമായിരിക്കും ആഖ്യാനത്തിൽ താനൊളിപ്പിച്ചുവച്ച ജീവിതപാഠം സാറ് പുറത്തെടുക്കുന്നത്.

നിറങ്ങൾ, തളരാത്ത വീര്യം, മാന്ത്രിക ചായ എന്നിങ്ങനെ എട്ടു ഭാഗങ്ങളായി തിരിച്ച മഴമേഘങ്ങളിൽ അമ്പത്തിനാല് അധ്യായങ്ങളാണുള്ളത്. പല ആഖ്യാനങ്ങളും ഒറ്റ അധ്യായത്തിൽ തന്നെ തീരുമെങ്കിൽ മറ്റു ചിലവ പല അധ്യായങ്ങളിലായി പറഞ്ഞുപോവുന്നു. അങ്ങനെയുള്ള അധ്യായങ്ങളുടെ ഇടവേള ഒരു ത്രില്ലർ നോവലിലെന്ന പോലെ ത്രസിപ്പിക്കുന്ന സസ്പെൻസിൽ കൊണ്ടുനിറുത്തുന്ന സാറിന്റെ വൈഭവം വായിച്ചുതന്നെ മനസിലാക്കണം.

ബാങ്കുദ്യോഗസ്ഥരായി ജീവിതമാരംഭിച്ച യുവാക്കൾ തീർച്ചയായും മഴമേഘങ്ങളുടെ ഒരു പ്രതി വാങ്ങണമെന്നു ഞാൻ പറയും. കസ്റ്റമർസർവീസിൽ മറ്റാരും പറഞ്ഞുതരാനിടയില്ലാത്ത വിവരങ്ങളും വെല്ലുവിളികളെ നേരിടാനുള്ള ചങ്കൂറ്റവും പുതിയ പാതകൾ പരീക്ഷിക്കാനുള്ള ആത്മവിശ്വാസവുമെല്ലാം മഴമേഘങ്ങളിലൂടെ നിങ്ങൾക്കു ലഭിക്കുന്നതാണ്.

ബാങ്ക് മാനേജ്മെന്റുകൾ 'മഴമേഘങ്ങളെ' ജീവനക്കാരുടെ ട്രെയ്നിംഗ് സിലബസിന്റെ ഭാഗമാക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ജീവിത പാഠം, ഉപദേശം, ക്ലാസ് എന്നെല്ലാം പറഞ്ഞതുകൊണ്ട് പ്രതിപാദ്യവിഷയങ്ങൾ മുഴുവൻ അത്തരത്തിലാണെന്നു ധരിച്ചുകളയല്ലേ.

ഇരുപത്തിരണ്ടുകാരനായ ബാബു കണ്ട ഷില്ലോങ്ങിലെ സുന്ദരികൾ, പത്തനംതിട്ടയിലെ മധുവിധുകാലത്ത് ഭാര്യയെക്കൊണ്ട് ചെയ്യിച്ച 'എക്സ്ട്രാ വർക്കുകൾ' തുടങ്ങി ഏതുപ്രായക്കാർക്കും ആസ്വദിക്കാവുന്ന അനവധി നുറുങ്ങുകളും ബാബു സാർ മഴമേഘങ്ങളിലൂടെ പങ്കുവെക്കുന്നുണ്ട്.

192 പേജുള്ള മഴമേഘങ്ങൾക്ക് 300 രൂപയാണു വില.

മെട്രോമാൻ ഡോ. ഇ ശ്രീധരൻ ആണ് അവതാരിക.

മനോഹരമായി ഡിസൈൻ ചെയ്ത് പ്രസിദ്ധീകരിച്ചിരിക്കുന്നത് ലോഗോസ് ബുക്സ്.